4743

ക്യൂ.ഐ.പി(1)/36200/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 23/06/2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും.
(ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14/05/2018 തീയതിയിലെ കത്ത് നമ്പർ പി.എച്ച്.2/1289/18/ഡി.എച്ച്.എസ്.

.....................

സൂചന കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2016-17-ൽ സംസ്ഥാനത്തെ അങ്കണവാടികളിലും സ്കൂളുകളിലുമായി നടത്തിയ സർവ്വേയിൽ പുതിയതായി 22 കുട്ടികളിൽ കുഷ്ഠരോഗം കണ്ടെത്തുകയുണ്ടായി. 2017-18-ൽ ഇത് 33 ആയി ഉയർന്നിട്ടുണ്ട്. തുടർച്ചയായി 3 വർഷം കുട്ടികളെ നിരീക്ഷിച്ച് പരിശോധനകൾ നടത്തേണ്ടതുണ്ട്. അദ്ധ്യാപകർ/ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ ശ്രമത്തിലൂടെ മാത്രമേ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുവാൻ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് ഇത്തരം പ്രവർത്തനങ്ങൾ സ്കൂളുകളിൽ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും പ്രഥമാദ്ധ്യാപകർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

ജിമ്മി.കെ.ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പകർപ്പ്:
ഡയറക്ടർ
ഹെൽത്ത് സർവ്വീസസ്

കെ.എസ്.